## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2833 — 12/03/2018 ൽ മറുപടിക്ക്

### കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**കശുമാവ് പുതുകൃഷി:-** കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവിൻതൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധനയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു.<br>**കശുമാവ് തോട്ടം:-** 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.<br>**മുറ്റത്തൊരു കശുമാവ്:-** അത്യുല്പാദന ശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ സ്കൂൾ കുട്ടികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ ഉടങ്ങിയവർ മുഖാന്തിരം നൽകി വരുന്നു.<br>2017 ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |

കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017 ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018 ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്.

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ പി എൽ, ബി ബി എസ്റ്റേറ്റ് പുനലൂർ, ചെമ്പന്നൂർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷിയുടെ പ്രാധാന്യം കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ മുൻകൈയെടുത്ത് ഒരു കശുമാവ് കർഷക മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ